പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5148

30.06.2014-ൽ മറുപടിക്ക്.

# ഹെൽപ്പ് സെൽ-നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര പോലീസ് സബ് ഡിവിഷൻ കേന്ദ്രീകരിച്ച് വനിതകൾക്കായി കൗൺസിലിംഗ് സെന്റർ, ഷോർട്ട് ഹോംസ്റ്റേ എന്നിവ ഉൾപ്പെടുന്ന ഒരു ഹെൽപ്പ് സെൽ ആരംഭിക്കുന്നതിന് എഫ്.68/2014/ആഭ്യന്തരം (ഇ) വകുപ്പ് 31.03.2014 ൽ നൽകിയ ഉത്തരവ് നടപ്പിലാക്കുന്നതിന് വന്നിട്ടുള്ള കാലതാമസം വ്യക്തമാക്കുമോ ; | : (എ) നെയ്യാറ്റിൻകര വനിതാ ഹെൽപ്പ് സെൽ ആരംഭിക്കുന്നതിന് ആവശ്യമായ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം അനുവദിച്ച് കിട്ടുന്നതിലേക്കായുള്ള കത്തിടപാടുകൾ പോലീസ് ആസ്ഥാനവുമായി നടത്തേണ്ടിവന്നതിനാലാണ് ടി ഹെൽപ്പ് സെൽ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ പ്രസ്തുത ഹെൽപ്പ് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാകുന്നു. |
| (ബി) ടി ഉത്തരവ് പ്രകാരം എത്ര പേരെ നാളിതുവരെയായി നിയമിച്ചു; നിലവിൽ നിയമിച്ചവരെകൊണ്ട് മാത്രം പ്രസ്തുത സെന്റർ പ്രവർത്തിപ്പിക്കുവാൻ കഴിയില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം വ്യക്തമാക്കാമോ? | : (ബി) ടി ഉത്തരവ് പ്രകാരം 5 പേരെ നിയമിച്ചിട്ടുണ്ട്. സെന്റർ പ്രവർത്തിപ്പിക്കുവാൻ മതിയായ അംഗബലം നിലവിലുണ്ട്. |
| (സി) പ്രസ്തുത സെന്ററിന്റെ അധികാരങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | : (സി) പ്രസ്തുത ഹെൽപ്പ് സെല്ലിന്റെ കീഴിൽ സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുക, പരാതി നൽകുവാനായി ആവശ്യമായ സഹായങ്ങൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തിവരുന്നത്. പ്രത്യേക അധികാരങ്ങളൊന്നും നിശ്ചയിച്ച് നൽകിയിട്ടില്ല. |
| (ഡി) പ്രസ്തുത സെന്ററിൽ നൽകുന്ന പരാതികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | : (ഡി) ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഇ) ടി സെന്ററിൽ ലഭ്യമാകുന്ന പരാതികൾ അന്വേഷിക്കുന്നതിന് എത്ര വാഹനമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇരുചക്രവാഹനം സെന്ററിന് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരാതികൾ അന്വേഷിക്കുന്നതിനായി വാഹനങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

: (ഇ) പ്രസ്തുത ഹെൽപ്പ് സെല്ലിന് വാഹനങ്ങളൊന്നും അനുവദിച്ച് നൽകിയിട്ടില്ല. പുതുതായി ഇരുചക്രവാഹനങ്ങൾ അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ